**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134** **05-02-2026 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ ഇലക്ട്രിക്കൽ, പ്ലംബിംങ്ങ്, പ്ലാസ്റ്ററിംഗ് മുതലായ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏത് ഏജൻസിയാണ് കെട്ടിട നിർമ്മാണം നടത്തുന്നതെന്നും അറിയിക്കാമോ; | (ബി) | വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 06.01.2024 ലെ G.O. (Rt) No.72/2024/Home ഉത്തരവ് പ്രകാരം 255.93 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നത് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ആണ്. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കെട്ടിടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി നൽകിയിട്ടുള്ള രൂപ രേഖ പ്രകാരം 5519.74 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ഇരുനില കെട്ടിടമാണ് നിർമ്മിക്കുന്നത്. 2639.04 സ്ക്വയർ ഫീറ്റുള്ള ഗ്രൗണ്ട് ഫ്ലോറിൽ ചൈൽഡ് ഫ്രണ്ട് ലി റൂം, എസ്.എച്ച്.ഒ റൂം, എസ്.ഐ റൂം, ലോക്കപ്പ്, സി.സി.ടി.എൻ.എസ് റൂം, തൊണ്ടി റൂം, ബെൽ ഓഫ് ആംസ്, റെക്കോർഡ് റൂം, ഓഫീസ് റൂം, വാഷ് റൂം എന്നിവയും 2639.04 സ്ക്വയർഫീറ്റുള്ള ഫസ്റ്റ് ഫ്ലോറിൽ ഇന്ററോഗേഷൻ റൂം, കോൺഫറൻസ് ഹാൾ, ഓഫീസ് ഏരിയ, ക്രൈം ഇൻവെസ്റ്റിഗേഷൻ റൂം, പുരുഷ പോലീസ് ഉദ്യോഗസ്ഥർക്കും, വനിത പോലീസ് ഉദ്യോഗസ്ഥർക്കുമുള്ള റെസ്റ്റ് റൂമുകൾ, വാഷ് റൂം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | എന്നത്തേക്ക് പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനും ഉദ്ഘാടനം നടത്താനും കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്ഘാടനം നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ